(സി) ഉണ്ട്. 14-4-2003-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ163/03/പി.ടി. ഉത്തരവ് പ്രകാരം ഇന്ത്യൻ അലുമിനിയം കമ്പനിക്ക് പ്രതിമാസം ഒരു കോടി രൂപ വച്ച് മൂന്ന് മാസത്തേക്ക്, വൈദ്യുതി ബില്ലിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ചെലവ് സർക്കാരും ബോർഡും 50/50 അടിസ്ഥാനത്തിൽ വഹിക്കേണ്ടതാണ്.

സ്വയംതൊഴിൽ കണ്ടെത്തുന്ന സ്ത്രീകളുടെ സംരംഭങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുവാൻ നടപടി

16 (2294) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംതൊഴിൽ കണ്ടെത്തുന്ന സ്ത്രീകളുടെ സംരംഭങ്ങൾക്ക് വൈദ്യുതി കണക്ഷൻ വേഗത്തിൽ ലഭ്യമാക്കുവാൻ എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇത്തരം സംരംഭങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഡെപ്പോസിറ്റ് തുകയിൽ ഇളവ് അനുവദിക്കുന്നുണ്ടോ ;

(സി) ഇത്തരം സംരംഭങ്ങൾക്ക് വൈദ്യുതി ചാർജിൽ ഇളവ് അനുവദിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സ്വയംതൊഴിൽ കണ്ടെത്തുന്ന സംരംഭങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാൻ മുൻഗണനയുണ്ട്. 10,000 രൂപ വരെ എസ്റ്റിമേറ്റ് തുക വരുന്ന കണക്ഷനുകൾക്ക്, ബോർഡിന്റെ ചെലവിൽ മുൻഗണനാടിസ്ഥാനത്തിൽ കണക്ഷൻ നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ എസ്റ്റിമേറ്റ് തുക 10,000 രൂപയിൽ കൂടുതൽ വരുന്ന കണക്ഷനുകളുടെ കാര്യത്തിൽ, സംരംഭകർ, 10,000-ൽ അധികമായി വരുന്ന തുക മാത്രം അടച്ചാൽ മുൻഗണന നൽകി കണക്ഷൻ നൽകുന്നതാണ്.

(സി) ഇല്ല.

വൈദ്യുതി പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുവാൻ നടപടി

17 (2295) ശ്രീമതി മാലേത്ത് സരളാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി പോസ്റ്റുകളുടെ രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കാമോ ;

(സി) വൈദ്യുതി പോസ്റ്റുകളുടെ അഭാവംമൂലം ആറൻമുള നിയോജക മണ്ഡലത്തിൽ എത്രപേർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർക്ക് പോസ്റ്റ് ലഭ്യമാക്കി കണക്ഷനുകൾ എന്നത്തേക്ക് നൽകാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ദക്ഷിണ, മദ്ധ്യമേഖലകളിൽ മാത്രമേ വൈദ്യുതി പോസ്റ്റുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുള്ളൂ. ഇത്തരം മേഖലയിൽ വൈദ്യുതി പോസ്റ്റുകൾ ലഭ്യമാണ്.

(ബി) ദക്ഷിണമേഖലയിലേക്ക് ഓർഡർ നൽകിയ 14,000 പോസ്റ്റുകളുടെ വിതരണം പുരോഗമിച്ച് വരുന്നു. ദക്ഷിണമേഖലയ്ക്കും മദ്ധ്യമേഖലയ്ക്കുമായി 1,22,800 പോസ്റ്റുകൾക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം ജില്ലയിലേക്ക് 28,156 പോസ്റ്റുകളും കണ്ണൂർ ജില്ലയിൽ 10,246 പോസ്റ്റുകളും ലഭ്യമാകുന്ന വിധത്തിൽ നിലവിലുള്ള കരാറുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) നോർമൽ കാറ്റഗറി കണക്ഷനുകൾക്ക് ലക്ഷ്യമിട്ടിട്ടുള്ള കാലപരിധിയിൽ വരുന്ന 60 കണക്ഷനുകൾ ഇനി നൽകാനുണ്ട്.

(ഡി) ഉത്തരം (സി)യിൽ പറഞ്ഞിട്ടുള്ള പോസ്റ്റുകൾ ലഭ്യമാവുന്ന മുറയ്ക്ക് കണക്ഷൻ നൽകാനാകും.

വൈദ്യുതി ഷോക്കേറ്റ് പരിക്ക് പറ്റിയവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും ധനസഹായം

18 (2296) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഷോക്കേറ്റ് പരിക്ക് പറ്റുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും ധനസഹായം നൽകുന്ന എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാന വൈദ്യുതി ബോർഡ്, നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് 1-1-2000 മുതൽ നടപ്പാക്കിയിട്ടുള്ള "വൈദ്യുതി സുരക്ഷാ ഇൻഷുറൻസ് പദ്ധതി പ്രകാരം വൈദ്യുതി ബോർഡിന്റെ വൈദ്യുതി ഉപകരണങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതു ജനങ്ങളുടെ നിയമപരമായ ആശ്രിതർക്ക് പരമാവധി 50,000 രൂപ വരെയും അംഗ വൈകല്യം സംഭവിക്കുന്നവർക്ക് അംഗവൈകല്യത്തിന്റെ തോതനുസരിച്ച് നിജപ്പെടുത്തിയിട്ടുള്ള 50,000 രൂപയിൽ ആനുപാതികമായ തുകയും ധനസഹായമായി അനുവദിക്കുന്നുണ്ട്. കൂടാതെ വൈദ്യുതി ലൈനുകളിൽ ജോലി ചെയ്യുമ്പോൾ അപകടം സംഭവിക്കുന്ന വൈദ്യുതി ബോർഡ് ജീവനക്കാരുടെയും പെറ്റി കോൺട്രാക്ടർമാരുടെയും ആശ്രിതർക്ക് "വർക്ക്മെൻസ് കോമ്പൻസേഷൻ ആക്ട് 1923" അനുസരിച്ച് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly